Under Govt. of Kerala

# സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി
## (ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷൻ)

**നോട്ടിഫിക്കേഷൻ നം. E-9727 തീയതി: 10-01-2024**

## അക്കാദമിക്/പരിശീലന പ്രവർത്തികൾക്കും കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പിലേക്കും ഫാക്കൽറ്റി അംഗങ്ങളുടെ പാനൽ രൂപീകരിക്കുന്നതിനുവേണ്ടി അപേക്ഷ ക്ഷണിക്കുന്നു

കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് & ഐടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമായ സി-ഡിറ്റ് വിവിധ സാങ്കേതികമേഖലകളിൽ സർക്കാരിനും, ഇതര സ്ഥാപനങ്ങൾക്കും സേവനദാതാവായി പ്രവർത്തിച്ചുവരുന്നു. പ്രധാനമായും ഇൻഫർമേഷൻ ടെക്നോളജി/ ഇമേജിംഗ് ടെക്നോളജി അടിസ്ഥാനമാക്കിയുള്ള ഗവേഷണ-വികസന പ്രവർത്തനങ്ങളും ഇ-ഗവേണൻസ്, ഫെസിലിറ്റി മാനേജ്മെന്റ്, ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകളുടെ ഉത്പാദനം, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, മീഡിയ കമ്മ്യൂണിക്കേഷൻ മുതലായവയിൽ വിവിധ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ സി-ഡിറ്റിന്റെ ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷൻ അംഗീകൃത പരിശീലന കേന്ദ്രങ്ങൾവഴി വിവിധ ഐടി / അനുബന്ധ കോഴ്സുകൾ നടത്തിവരുന്നു.

സിഡിറ്റിന്റെ അക്കാദമിക്/പരിശീലന പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും, സിഡിറ്റ് നടത്തുന്ന വിവിധ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയത്തിൽ പങ്കാളിയാകുന്നതിനും താൽപര്യമുള്ളവരുടെ ഒരു പാനൽ രൂപീകരിക്കുന്നതിന് യോഗ്യരായവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യത മാനദണ്ഡങ്ങൾ:**

| | |
|---|---|
| വിദ്യാഭ്യാസ യോഗ്യത | **കാറ്റഗറി-1 :**<br>എംസിഎ / എംഎസ്സി(കമ്പ്യൂട്ടർസയൻസ്/ഐടി)/ ബിടെക്ക്/ ബിഇ (കമ്പ്യൂട്ടർ/ ഇലക്ട്രോണിക്സ് ) /എംടെക് (കമ്പ്യൂട്ടർസയൻസ്/ഐടി/സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ്)<br><br>**കാറ്റഗറി-2 :**<br>ബിഎസ്സി (കമ്പ്യൂട്ടർ സയൻസ്/ഐടി)/ബിസിഎ / ഡിഗ്രി+പിജിഡിസിഎ/ കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്/കമ്പ്യൂട്ടർ ഹാർഡ്വെയർ/ ഐ.ടി./ ഇലക്ട്രോണിക്സ് ത്രിവത്സര ഡിപ്ലോമ<br><br>**കാറ്റഗറി-3 :**<br>എംകോം/ ബികോം/ടാലി സർട്ടിഫിക്കേഷൻ/ഫൈനാൻഷ്യൽ അക്കൌണ്ടിംഗ്/ ഫോറിൻ അക്കൌണ്ടിംഗ് പാക്കേജ്<br><br>**കാറ്റഗറി-4:**<br>ഡിറ്റിപി /മൾട്ടിമീഡിയ/ഓട്ടോകാഡ് എന്നിവയിൽ ഡിപ്ലോമ<br><br>*തത്തുല്യമായ യോഗ്യതകളും പരിഗണിക്കും.* |
| പ്രവൃത്തി പരിചയം | കുറഞ്ഞത് ആറ് മാസത്തെ അധ്യാപന പരിചയവും അധ്യാപന/അക്കാദമിക് വിഷയങ്ങളിൽ/പ്രവൃത്തികളിൽ സമഗ്രമായ അറിവും |
| പ്രായപരിധി | 21നും 65നും ഉള്ളിൽ |
| പ്രവർത്തന മേഖലകൾ | പരീക്ഷ പേപ്പറുകളുടെ മൂല്യനിർണയം, വിവിധ കോഴ്സുകൾക്കുള്ള പരിശീലനം നൽകൽ, സിലബസ് / പുസ്തകം / ചോദ്യ ബാങ്ക് തയ്യാറാക്കൽ, ഹൈബ്രിഡ് കോഴ്സുകളുടെ പരിശീലന സാമഗ്രികൾ (വീഡിയോ/ഓഡിയോ)/ ഉള്ളടക്കം തയ്യാറാക്കൽ എന്നിവയ്ക്ക് ആവശ്യാനുസരണം ഫാക്കൽറ്റി അംഗങ്ങളെ ഉപയോഗപ്പെടുത്തുന്നതായിരിക്കും. |

| | |
|---|---|
| പ്രതിഫലം | **മൂല്യനിർണ്ണയം:**<br>• ദീർഘകാല കോഴ്സുകളുടെ ഒരു ഉത്തരപുസ്തകത്തിന് 20 രൂപ (6 മാസവും അതിനു മുകളിലും ദൈർഘ്യമുള്ള കോഴ്സുകൾ)<br>• ഹ്രസ്വകാല കോഴ്സുകളുടെ ഒരു ഉത്തരപുസ്തകത്തിന് 18/- രൂപ (6 മാസത്തിൽ താഴെ ദൈർഘ്യമുള്ള കോഴ്സുകൾ)<br>• പ്രതിദിന അലവൻസ് – 160 രൂപ.<br><br>**മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ:**<br>• പ്രവർത്തന മേഖല, വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തി പരിചയവും, പ്രവർത്തിയുടെ തരം എന്നിവ അടിസ്ഥാനമാക്കി തീരുമാനിക്കും |

**പൊതുനിർദ്ദേശങ്ങളും നിബന്ധനകളും:**

1) ഒരു അധ്യയന വർഷത്തിൽ സാധാരണയായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിൽ മൂന്ന് കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾ ഉണ്ടാകും.
2) മൂല്യനിർണയത്തിനുള്ള ഉത്തരക്കടലാസുകളുടെ എണ്ണത്തെ ആശ്രയിച്ചാകും ക്യാമ്പ് ദിനങ്ങൾ ക്രമീകരിക്കുക.
3) ഓരോ ക്യാമ്പും 20 മുതൽ 30 ദിവസങ്ങൾവരെ ഉണ്ടാകും, സമയം– രാവിലെ 10.30 മുതൽ വൈകിട്ട് 4.30 വരെ.
4) പ്രതിദിനം പരമാവധി 40 ഉത്തരക്കടലാസുകളുടെ ഒരോ പാക്കറ്റ് മൂല്യനിർണയം നടത്തേണ്ടിവരാം.
5) ഉത്തരക്കടലാസ് പാക്കറ്റുകൾ ക്യാമ്പിന് പുറത്തേക്കോ വീട്ടിലോ കൊണ്ടുപോകാൻ അനുവാദമുണ്ടാകില്ല.
6) സാധാരണ ഗതിയിൽ സർക്കാർ അവധി ദിവസങ്ങൾ ഒഴികെയുള്ള ദിനങ്ങളിലാവും ക്യാമ്പ് പ്രവർത്തിക്കുക.
7) നിലവിൽ തിരുവനന്തപുരം സിറ്റി കേന്ദ്രീകരിച്ചാണ് ക്യാമ്പ് നടത്തുന്നത്. മൂല്യനിർണ്ണയം ഓൺലൈനിൽ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ മൂല്യനിർണ്ണയത്തിലേക്ക് മാറിയേക്കാം.
8) അപേക്ഷകരുടെ സ്ക്രീനിംഗ് യോഗ്യതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായും, സമർപ്പിച്ച സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപത്രങ്ങളുടെയും സൂക്ഷ്മപരിശോധനയെ അടിസ്ഥാന പ്പെടുത്തിയും ആയിരിക്കും.
9) ഷോർട്ട്‌ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരിൽനിന്നും അഭിമുഖം നടത്തി യോഗ്യരായവരുടെ റാങ്ക്പട്ടിക തയ്യാറാക്കും. അഭിമുഖം സംബന്ധിച്ച അറിയിപ്പ് ഇമെയിൽവഴി നൽകുന്ന തായിരിക്കും.
10) യോഗ്യത, പ്രവൃത്തിപരിചയം, ഇന്റർവ്യൂവിലെ മികവ് എന്നിവയുടെ അടിസ്ഥാന ത്തിലായിരിക്കും അന്തിമ തിരഞ്ഞെടുപ്പ്.
11) അപേക്ഷകൾ സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള പൂർണ്ണമായ അധികാരം സിഡിറ്റിൽ നിക്ഷിപ്തമായിരിക്കും. അപൂർണ്ണമായ അപേക്ഷകൾ നിരസിക്കപ്പെടും.
12) അപേക്ഷയിൽ ഏതെങ്കിലും പൊരുത്തക്കേട് കണ്ടെത്തുകയോ, അപേക്ഷകൻ നൽകിയ വിവരങ്ങൾ തെറ്റാണെന്ന് പിന്നീട് ഏതെങ്കിലും ഘട്ടത്തിൽ സിഡിറ്റിന് ബോധ്യപ്പെടുകയോ ചെയ്താൽ പാനലിൽനിന്നും ഒഴിവാക്കപ്പെടും.
13) ആദ്യം ഒരു വർഷത്തേക്കാണ് പാനൽ രൂപീകരിക്കുന്നതെങ്കിലും ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരസ്പരധാരണയോടെ പുതുക്കുന്നതാണ്.

14) പാനൽ അംഗങ്ങളുടെ എണ്ണം കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ഉള്ള അവകാശം സി-ഡിറ്റിൽ നിക്ഷിപ്തമാണ്.

15) പാനൽ രൂപീകരിച്ചതിനുശേഷം ആവശ്യാനുസരണം, സി-ഡിറ്റിന്റെ സ്വന്തം വിവേചന അധികാരത്തിൽ, ആവശ്യകതയെ അടിസ്ഥാനമാക്കി അംഗങ്ങളുടെ വൈദഗ്ധ്യം നോട്ടിഫിക്കേഷനിൽ പറയുന്ന ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തും.

16) പാനലിൽ തെരഞ്ഞെടുക്കപ്പെടുന്നതും ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതും സിഡിറ്റിലെ മറ്റ് നിയമനങ്ങൾക്ക് അവകാശം ഉന്നയിക്കാനുള്ള അവകാശമായി കണക്കാക്കില്ല.

17) തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഒരു ഘട്ടത്തിലും ഉദ്യോഗാർത്ഥികൾക്ക് ടിഎ/ഡിഎ നൽകില്ല.

18) റാങ്ക് പട്ടികയിൽ ഇടംനേടാനായി സ്വാധീനം ചെലുത്തുന്നത് അയോഗ്യതയായി കണക്കാക്കും.

**അപേക്ഷിക്കേണ്ടവിധം:**

1) http://bit.ly/3RMdZe2 എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി അപേക്ഷ സമർപ്പിക്കുക. ഇമെയിൽ/തപാൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

2) വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്നതിനുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.

3) അപ്‌ലോഡ് ചെയ്തിട്ടുള്ള രേഖകളുടെ അസ്സൽ ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

4) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 31-01-2024

5) അന്വേഷണങ്ങൾക്ക് 0471-2321360, 2322100, Mobile/WhatsApp: 98958 89892

വിശദവിവരങ്ങൾക്ക് www.cdit.org/careers or www.tet.cdit.org സന്ദർശിക്കുക